നിയമപരമായി എന്തെല്ലാം നടപടി സ്വീകരിക്കാമോ അതിനെല്ലാം വേണ്ടി ഒറ്റക്കെട്ടായി ഒരു മനുഷ്യനെപ്പോലെ കേരളം നിൽക്കുമെന്ന പ്രഖ്യാപനത്തിനു വേണ്ടിയാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്. സർവ്വസമ്മതമായി ഈ പ്രമേയം പാസ്സാക്കിയതിനു ശേഷം അതിന്റെ തുടർച്ചയെന്നുള്ള നിലയിൽ ഇതിന്റെ വിജയത്തിനുവേണ്ടിയുള്ള എല്ലാ നീക്കങ്ങളിലും നമുക്ക് ഒരുമിച്ച് നിൽക്കാം. നിങ്ങൾ സഹകരിച്ചതിൽ നന്ദി പറയുകയാണ്.

VII. ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം മൂവ് ചെയ്യാം.

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കുകയാണ്.

"പമ്പയിലേയും അച്ചൻകോവിലാറിലേയും വെള്ളം തമിഴ്നാട്ടിലെ വൈപ്പാർ ബേസിനിലേക്ക് തിരിച്ചുവിടണമെന്ന ദേശീയ ജലവികസന ഏജൻസിയുടെ നിർദ്ദേശം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ദോഷകരമായതിനാലും; പ്രസ്തുത നിർദ്ദേശം തീർത്തും പക്ഷപാതപരമായതിനാലും; ഭരണഘടന പ്രകാരം ജലം സംസ്ഥാന വിഷയമാകയാൽ ഇക്കാര്യത്തിൽ ഇടപെടാനോ പ്രേരണ ചെലുത്താനോ കേന്ദ്രത്തിനോ മറ്റ് ഏജൻസികൾക്കോ അധികാരമില്ലാത്തതിനാലും; പമ്പയും അച്ചൻകോവിലാറും പൂർണ്ണമായും സംസ്ഥാന നദികളായതിനാൽ ഇവയിലെ ജലത്തിന്റെ കാര്യത്തിൽ തീരുമാനം എടുക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ മാത്രം നിക്ഷിപ്തമായതിനാലും പമ്പാനദിയിൽനിന്നും അച്ചൻകോവിലാറിൽനിന്നും വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ചു വിടുന്നത് ഇവിടെ രൂക്ഷമായ ജലക്ഷാമവും പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കുമെന്നതിനാലും; പമ്പാനദിയിലും അച്ചൻകോവിലാറിലും ഹൈഡൽ പ്രോജക്ടുകളും ശുദ്ധജല വിതരണ പദ്ധതികളും നടപ്പിലാക്കേണ്ടതായിട്ടുള്ളതിനാലും; പമ്പാനദിയും അച്ചൻകോവിലാറും സ്രോതസ്സുകളായി ആവിഷ്കരിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ ഇപ്പോൾ തന്നെ ജലദൗർലഭ്യം അനുഭവപ്പെടുന്നതിനാലും; കുട്ടനാടിന്റെ സന്തുലിതാവസ്ഥതന്നെ തകിടം മറിക്കുന്നതാണ് പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെന്ന് സി.ഡബ്ലിയു.ആർ.ഡി.എമ്മിന്റെ പഠനങ്ങൾ വ്യക്തമാക്കിയിട്ടുള്ളതിനാലും; സംസ്ഥാനത്തിന്റെ പ്രതിഷേധം വകവയ്ക്കാതെ ഈ പദ്ധതിയുമായി ദേശീയ ജലവികസന ഏജൻസി മുന്നോട്ട് പോകുന്ന സാഹചര്യത്തിലും; പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

മി. സ്പീക്കർ: ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം അംഗീകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് മാസം 7-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.35-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly